I ഇ.ബി. XIV-കേരള നിയമസഭ/I-2

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂൺ 03, വെള്ളി

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. എസ്. ശർമ്മയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. എസ്. ശർമ്മ): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. വി. പി. സജീന്ദ്രന്റെയും ശ്രീ. പി. ശ്രീരാമകൃഷ്ണന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശ പത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ -ചാർജ് ശ്രീമതി പി. ജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീ. വി.പി. സജീന്ദ്രൻ എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു.)

ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ ഏജന്റ് ശ്രീ. എ. പ്രദീപ് കുമാറിന്റെയും ശ്രീ. വി.പി. സജീന്ദ്രന്റെ ഏജന്റ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണന് 92 വോട്ടും ശ്രീ. വി.പി. സജീന്ദ്രന് 46 വോട്ടും ലഭിച്ചതായും ഒരു വോട്ട് അസാധുവായതായും ശ്രീ. പി. ശ്രീരാമകൃഷ്ണനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായും പ്രോടെം സ്പീക്കർ പ്രഖ്യാപിച്ചു. പുതിയ സഭാദ്ധ്യക്ഷനെ പ്രോടെം സ്പീക്കർ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി

ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ചേർന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണനെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. കേരള നിയമസഭ കാലങ്ങളായി പരിരക്ഷിച്ചുപോരുന്ന ജനാധിപത്യമൂല്യങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനും ധാർമ്മികതയിൽ അധിഷ്ഠിതമായ ജനാധിപത്യ മൂല്യങ്ങൾ കണ്ടെത്തി സഭാനടപടികളെ നവീകരിക്കുന്നതിനും അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ പ്രവർത്തിക്കുന്നതിനും നിയമനിർവ്വഹണമടക്കമുള്ള നടപടിക്രമങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും സഭാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അങ്ങേയ്ക്ക് കഴിയുമെന്ന് ഉറച്ച വിശ്വാസമുണ്ട്. സൗമ്യനും മൃദുഭാഷിയുമായ അങ്ങേയ്ക്ക് സഭയുടെ സുഗമമായ നടത്തിപ്പിന് വിലപ്പെട്ട സംഭാവന

നൽകാൻ കഴിയും. എല്ലാ അംഗങ്ങളുടെയും വിശ്വാസമാർജ്ജിച്ചുകൊണ്ട് ജനാധിപത്യ പാരമ്പര്യവും കീഴ്‌വഴക്കവും കാത്തുസൂക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാനും സഭാനാഥനായും നടപടിക്രമങ്ങളുടെയും ചട്ടങ്ങളുടെയും കാവലാളായും പ്രവർത്തിക്കാനും സ്പീക്കർ എന്ന നിലയിൽ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. നിയമസഭാ സാമാജികനെന്ന നിലയിൽ യുവജനക്ഷേമത്തിനായി ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ച അങ്ങയുടെ അറിവും അനുഭവവും സഭയ്ക്ക് മുതൽക്കൂട്ടാക്കുന്നതിനും ജനാധിപത്യത്തിന്റെ ശക്തിസ്രോതസ്സാക്കി നിലനിർത്തുന്നതിനും ഉപകരിക്കും. സർക്കാരിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിന് എല്ലാവിധ സംരക്ഷണവും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രത്യാശിക്കുന്നതോടൊപ്പം എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരള നിയമസഭയുടെ 22-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഭരണ-പ്രതിപക്ഷ കക്ഷികളെ ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനും സഭാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിഷ്പക്ഷവും സ്വതന്ത്രവും

നീതിപൂർവ്വവുമായ നിലയിൽ സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാനും ഇന്ത്യൻ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും കഴിയട്ടെയെന്ന് ആശംസിക്കുന്നു. സഭാനടപടികൾ ക്രിയാത്മകായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രതിപക്ഷാംഗങ്ങളുടെ എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്യുന്നു. അങ്ങേയ്ക്ക് എല്ലാവിധ മംഗളങ്ങളും നേരുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പതിനാലാം കേരള നിയമസഭയുടെ സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. ജനാധിപത്യ സംവിധാനത്തിൽ നിയമസഭാവേദിയെ എങ്ങനെ ഉപയോഗിക്കണമെന്നതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. നിയമസഭാ സാമാജികനെന്ന നിലയിലുള്ള അങ്ങയുടെ കഴിവും സമീപനവും സ്പീക്കർ എന്ന പദവിക്ക് മാറ്റുകൂട്ടുമെന്നതിൽ സംശയമില്ല. സഭാനാഥനെന്ന നിലയിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ പ്രവർത്തിക്കുന്നതിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എന്റെയും എന്റെ കക്ഷിയുടെയും അഭിനന്ദനമറിയിക്കുന്നതോടൊപ്പം നിയമസഭയുടെ

കാര്യനിർവ്വഹണത്തിൽ ഞങ്ങളുടെ എല്ലാവിധ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യുന്നു. നിയമസഭാ സാമാജികനെന്ന നിലയിൽ കഴിവുതെളിയിച്ച അങ്ങേയ്ക്ക് സ്പീക്കർ പദവിയിൽ ശോഭിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പൊതുജനങ്ങളുടെ പ്രശ്നങ്ങൾ സഭയിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും അതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും സ്പീക്കർ മുൻകയ്യെടുക്കണം.

ശ്രീ. സി. കെ. നാണു: സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുന്നതോടൊപ്പം അങ്ങേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. നിയമസഭാ സാമാജികനെന്ന നിലയിലുള്ള അങ്ങയുടെ കഴിഞ്ഞകാല പ്രവർത്തനവും ഊർജ്ജസ്വലതയും സ്പീക്കർ എന്ന നിലയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. കെ. എം. മാണി: കേരള നിയമസഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് അനുമോദനങ്ങൾ അർപ്പിക്കുന്നു. നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത് അങ്ങയുടെ കർമ്മശേഷിയുടെയും വ്യക്തി മാഹാത്മ്യത്തിന്റെയും തെളിവായാണ് കണക്കാക്കേണ്ടത്. വിദ്യാർത്ഥി സംഘടനാ

നേതാവ്, കോഴിക്കോട് സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗം, സർവ്വകലാശാല യൂണിയൻ മെമ്പർ, ഏഷ്യാ പെസഫിക് വേൾഡ് ഫെഡറേഷന്റെ യൂത്ത് കോ-ഓർഡിനേറ്റർ എന്നീ നിലകളിലെ പരിചയ സമ്പത്ത് ഉത്തരവാദിത്വം നിറവേറ്റുന്നതിൽ അങ്ങേയ്ക്ക് വലിയ മുതൽക്കൂട്ടാകും. സഭയുടെ ജനാധിപത്യ പാരമ്പര്യവും അന്തസ്സും ഉയർത്തിപ്പിടിച്ചുകൊണ്ട് നിഷ്പക്ഷതയോടുകൂടി പ്രവർത്തിക്കാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ആശംസിക്കുന്നതോടൊപ്പം നിയമസഭാ നടപടികളുടെ സുഗമമായ പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: കേരള നിയമസഭയെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ നിയമസഭകൾക്ക് മാതൃകയായി നയിച്ചുകൊണ്ടുപോകാൻ അങ്ങേയ്ക്ക് പ്രാപ്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം എന്റെ പാർട്ടിയുടെ പിന്തുണയും എല്ലാവിധ ആശംസകളും നേരുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സഭയുടെ അന്തസ്സും ഗൗരവവും നിലനിർത്തിക്കൊണ്ടുപോകാൻ അങ്ങ് എടുക്കുന്ന തീരുമാനങ്ങൾക്ക് എല്ലാ

പിന്തുണയും വാഗ്ദാനം ചെയ്യുന്നു. നല്ല സാമാജികനെന്ന് പേരെടുത്ത അങ്ങേയ്ക്ക് നല്ല സ്പീക്കർ എന്ന നിലയിലും പേരെടുക്കുവാൻ കഴിയും. ഗവൺമെന്റിന്റെ ബിസിനസ് നടത്തിക്കൊണ്ടുപോകാൻ മുൻകയ്യെടുക്കുന്നതോടൊപ്പം പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാനും അങ്ങ് തയ്യാറാകണം. പൊതുസമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കുവാൻ അങ്ങേയ്ക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

തുറമുഖ വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): പതിനാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് അഭിവാദനങ്ങളും ആശംസകളും നേരുന്നു. ഒരു നിയമനിർമ്മാണസഭയെന്ന നിലയിൽ മാതൃകാപരമായി പ്രവർത്തിച്ചിട്ടുള്ള ഈ സഭയുടെ പാരമ്പര്യവും അന്തസ്സും പ്രൗഢിയും സംരക്ഷിക്കുന്നതിനും ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ അഭിപ്രായങ്ങളും സ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിനും അങ്ങയുടെ പൊതുജീവിതത്തിലെ പരിജ്ഞാനവും കഴിവും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതോടൊപ്പം എല്ലാവിധ വിജയങ്ങളുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ഈ സഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ എന്റെ സ്വന്തം പേരിലും പാർട്ടിയുടെ പേരിലും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവിധ പിന്തുണയും അറിയിക്കുന്നു. അങ്ങയുടെ

ഭാഗത്തുനിന്ന് എല്ലാവർക്കും നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സഭയിലെ അംഗങ്ങൾക്കും നിയമസഭയിലെ ജീവനക്കാർക്കും സഭയ്ക്കകത്തും പുറത്തും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കണം. അങ്ങയുടെ മനസ്സിലുള്ള നല്ല ആശയങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ ഇന്ത്യയിലെതന്നെ ശ്രദ്ധേയമായ ഒരു നിയമസഭയായി കേരള നിയമസഭയെ മാറ്റാൻ കഴിയും. മനുഷ്യത്വമുള്ള നീതിമാന്മാരായ ധാരാളം സ്പീക്കർമാർ ഈ ചെയറിൽ ഇരുന്നിട്ടുണ്ട്. അത്തരത്തിലൊരാളായിരുന്നു ജി. കാർത്തികേയൻ. അതുപോലെ അങ്ങിൽനിന്നും സ്നേഹവും സംരക്ഷണവും കിട്ടുമെന്നും അതിലൂടെ കേരള നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നതോടൊപ്പം എല്ലാവിധ നന്മകളും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: അങ്ങയെ ഈ നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ അഭിനന്ദിക്കുന്നു. എനിക്കും എന്നെപ്പോലെയുള്ള പുതുമുഖങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഈ സഭയെ മുന്നോട്ട് നയിക്കുന്നതിന് എല്ലാവിധ ആശംസകളും നേരുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: ഈ നിയമസഭയുടെ നാഥനായി അങ്ങയെ തെരഞ്ഞെടുത്തതിൽ ഹൃദയംഗമമായി അനുമോദിക്കുന്നു. ധാർമ്മികതയാണ് എല്ലാറ്റിന്റെയും അടിസ്ഥാനമെന്നതിനാൽ എല്ലാവർക്കും തുല്യനീതി ലഭിക്കുമെന്ന്

വിശ്വസിക്കുന്നു. സ്പീക്കർ എന്ന നിലയിലുള്ള കർത്തവ്യം നിർവ്വഹിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: പതിനാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അനുമോദിക്കുന്നു. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ കടന്നുവന്ന അങ്ങയുടെ അനുഭവസമ്പത്ത് സ്പീക്കർ എന്നുള്ള നിലയിൽ നിഷ്പക്ഷമായി പ്രവർത്തിക്കാൻ സഹായിക്കുമെന്ന് കരുതുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

മി. സ്പീക്കർ: ആരാധ്യനായ സഭാ നേതാവേ, ബഹുമാന്യനായ പ്രതിപക്ഷ നേതാവേ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികരേ,

പതിനാലാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി ഈ സഭ എന്നെ തെരഞ്ഞെടുത്തതിൽ ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിഖ്യാതമായ ചരിത്രമുള്ള മുൻഗാമികളായ മുഴുവൻ സ്പീക്കർമാരുടെയും സേവനങ്ങളെ ഞാൻ ശിരസുകുനിച്ച് സ്മരിക്കുന്നു. പരിണിതപ്രജ്ഞരും പുതുമുഖങ്ങളും ഒരുപോലെ നിറഞ്ഞ ഈ സഭ ഉന്നതനിലവാരമുള്ള ഒരു ചരിത്രമുള്ള സഭയാണ്. പരിണിതപ്രജ്ഞരുടെയും പുതുമുഖങ്ങളുടെയും ഈ കൂട്ടായ്മ ഈ സഭയുടെ ഒരു

സാധ്യതയായി ഞാൻ കാണുന്നു. മാതൃകാപരമായ നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകി രാജ്യത്തെ പല നിയമസഭകൾക്കും പലപ്പോഴും പാർലമെന്റിനുപോലും പ്രചോദനമായ സഭയാണ് ഇത്. ഇത്തരം ഒരു ചരിത്രവേദിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കാൻ സാധിക്കുന്നത് ജീവിതത്തിലെ ധന്യമായ ഒരനുഭവമായി ഞാൻ കരുതുന്നു. ചിരപരിചിതമായ പ്രവർത്തന മേഖലയിൽനിന്നും തീർത്തും വ്യത്യസ്തമായ ഒരു മേഖലയിലേയ്ക്കാണ്, ചുമതലയിലേയ്ക്കാണ് ഞാൻ കാലൂന്നത്. സഭാദ്ധ്യക്ഷന്റെ നിഷ്പക്ഷതയെക്കുറിച്ചും പ്രതിപക്ഷത്തിന്റെ അവകാശങ്ങളെക്കുറിച്ചും പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയും ചില നിർദ്ദേശങ്ങൾ പറയുകയും ചെയ്തു. ഈ സമയത്ത് എനിക്ക് തോന്നുന്നത് നെപ്പോളിയന്റെ ചരിത്രപ്രസിദ്ധമായ ഒരു വചനമാണ്. ഫ്രഞ്ച് ജനതയുടെ വിശ്വാസം ആർജ്ജിക്കുന്നതിനുവേണ്ടി വിപ്ലവാനന്തരം അദ്ദേഹം കാത്തോലിക്ക സഭയുമായി concordat അഥവാ religious agreement സ്ഥാപിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് സംശയം ഉന്നയിച്ചവരോട് അദ്ദേഹം പറഞ്ഞു, 'While I was in Egypt I was a Muslim, Now I am in France no doubt, I am a Christian'. എന്ന്. ചുമതലകൾ നമ്മെ മാറ്റി പണിയണം. അത് ചെയറിനും നിയമസഭാ സാമാജികർക്കും ഒരുപോലെ ബാധകമാണ്. നിയമനിർമ്മാണ സഭയിലെ അംഗത്വം ചുമതലകളുടെ ബാഹുല്യവും

വൈവിദ്ധ്യവുംകൊണ്ട് സമ്പന്നമാണ്. നിയമസഭാ പ്രവർത്തനങ്ങളിൽ ചതുർഘടകങ്ങളാണ് നമുക്കുചുറ്റും ഭ്രമണം ചെയ്യുന്നതായി എനിക്ക് തോന്നിയത്. ഒന്ന്, സഭയും ഭരണഘടനയും. രണ്ട്, സഭയും നിയമനിർമ്മാണവും. മൂന്ന് സഭയും ജനങ്ങളും. നാല്, സഭയും മാധ്യമങ്ങളും. ഇത് മനസ്സിലാക്കിയുള്ള ഗൃഹപാഠമാണ് നമുക്ക് വേണ്ടത്. നമ്മുടെ ഭരണഘടന കേവലം കുറെ ഖണ്ഡങ്ങളോ വകുപ്പുകളോ മാത്രമല്ല. അതിനോടൊപ്പം സ്വയം ഇഴുകിച്ചേർന്ന മൂല്യങ്ങളുടെ ഒരു ഊർജ്ജപ്രവാഹം കൂടിച്ചേർന്നതാണ്. ഈ രാഷ്ട്രത്തെ ഒരുമിപ്പിച്ച് നിർത്തുന്നത് ഈ ഭരണഘടനയാണ്. അത് പാലിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. അത് ഉറപ്പുനൽകുന്ന സംരക്ഷണത്തിന് സഹായകരമായ നിയമനിർമ്മാണമാണ് നടക്കേണ്ടത്. ജനതയുടെ ശബ്ദമാണ് നിയമസഭയുടെ ശബ്ദം. ജനാധിപത്യത്തിന്റെ അനുനിമിഷമുള്ള വളർച്ചയും വികാസവുമാണ് സഭയിൽ സംഭവിക്കേണ്ടത്. ജനാധിപത്യം ഒരിടത്ത് തുടങ്ങി ഒരിടത്ത് അവസാനിക്കുന്ന ഒരു പ്രക്രിയയല്ല. അത് ഓരോ നിമിഷവും വളർന്നുകൊണ്ടിരിക്കുന്ന ഒരു മൂല്യവ്യവസ്ഥയാണ്. ജനാധിപത്യത്തെ കൂടുതൽ വികസിപ്പിക്കുന്ന നിയമനിർമ്മാണങ്ങൾ യാഥാർത്ഥ്യമാകുമ്പോഴാണ് ജനതയുടെ ജീവിതം നിർഭയവും സ്വതന്ത്രവും സൗകര്യപ്രദവും ആകുന്നത്. അതിന് പതിനാലാം നിയമസഭയ്ക്ക് സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. പ്രതിപക്ഷത്തിന്റെ ശബ്ദവും

അവകാശങ്ങളും സംരക്ഷിക്കപ്പെടണം. അത് സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും. അതോടൊപ്പം സർക്കാരിന്റെ കാര്യങ്ങൾ യഥാസമയം നടത്തിക്കൊണ്ടുപോകുവാനും സഭാദ്ധ്യക്ഷന് ബാധ്യതയുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. രാവിലെ 8.30-ന് ആരംഭിക്കുന്ന നമ്മുടെ നിയമസഭാ രീതിയെക്കുറിച്ച് കൗതുകത്തിനായി ഒരന്വേഷണം നടത്തിയപ്പോൾ മാധ്യമപ്രധാനമായ നമ്മുടെ സംസ്കാരം വെളിപ്പെടുകയുണ്ടായി. വൈകിട്ട് 5.30-ന് അച്ചടി ആരംഭിച്ചിരുന്ന പത്രങ്ങൾക്ക് അതുവഴി കേരള ജനതയ്ക്ക് വാർത്തകൾ ലഭ്യമാക്കാൻ വേണ്ടിയായിരുന്നു എന്ന കൗതുകകരമായ ചരിത്രമാണ് മനസ്സിലാക്കാൻ സാധിച്ചത്. സഭയുടെ സ്വരം ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള ഈ കുതൂഹലം ഇന്നും സജീവമാണ്. ഗൃഹപാഠത്തിനും ആധികാരികതയ്ക്കും സംവാദ സംസ്കാരത്തിനും പ്രാമുഖ്യം നൽകുന്നൊരു രീതി നിയമസഭയെ സംബന്ധിച്ച് പ്രതീക്ഷയാണ് വർദ്ധിപ്പിക്കുകയെന്ന് ഓർക്കണം. സംവാദ സംസ്കാരത്തിനുവേണ്ടി സ്വയം സജ്ജരാകുവാൻ നിയമസഭയിലെ പുതുമുഖങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ജനതയ്ക്ക് നിർഭയത്വവും യുക്തിബോധഭദ്രതയും പ്രദാനം ചെയ്യുന്ന നിയമസഭയായി സഭ മാറട്ടെ എന്നാഗ്രഹിക്കുന്നു. ഗൃഹപാഠം ചെയ്യുക, സംക്ഷിപ്തമാക്കുക, ആധികാരികമാക്കുക, സംവാദ സംസ്കാരം ഉറപ്പാക്കുക. പുതിയ അംഗങ്ങൾക്ക് നിയമസഭ ഊർജ്ജസ്വലമായ ഒരനുഭവമായിത്തീരും. അതിനാൽ ചെയർ

അഭ്യർത്ഥിക്കുന്നു 'be telegraphic, be telegramic' എന്ന്. എല്ലാ സാമാജികരോടും ഒരിക്കൽകൂടി ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചുകൊണ്ട് സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാവരുടെയും സർവ്വാത്മനയുള്ള പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ.....ഓർഡർ... ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയാണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. രമേശ് ചെന്നിത്തലയെ സഭയിലെ പ്രതിപക്ഷ നേതാവായി ഞാൻ അംഗീകരിച്ചിരിക്കുന്നു.

യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം ഉപനേതാവായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ തെരഞ്ഞെടുത്ത വിവരവും സഭയെ അറിയിക്കുന്നു.

സഭ രാവിലെ 10.32-ന് പിരിഞ്ഞു.

******